## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 57     12.06.2012-ൽ മറുപടിക്ക്.

## റെയിൽവേ പദ്ധതികളിൽ കേന്ദ്ര അവഗണന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.ടി.എം. തോമസ് ഐസക്:<br>ശ്രീ.എ.എം. ആരിഫ്:<br>ശ്രീ. വി. ചെന്താമരാക്ഷൻ:<br>ശ്രീ.കെ.വി അബ്ദുൾ ഖാദർ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | റെയിൽവേ ബജറ്റുകളിൽ സംസ്ഥാനത്തിന് പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിൽ കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തോട് അവഗണന കാണിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ചേർത്തലയിൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച ബോഗി നിർമ്മാണ യൂണിറ്റിന്റെ കാര്യത്തിൽ റെയിൽവേ നിലപാട് മാറ്റിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | ഷെയർ ഹോൾഡേഴ്സ് എഗ്രിമെന്റ് പ്രകാരം ഫാബ്രിക്കേറ്റ് ചെയ്ത ബോഗികളുടെ നിർമ്മാണമാണ് മുഖ്യമായും വിഭാവനം ചെയ്തിരുന്നത്. ഈ സംയുക്ത സംരംഭം സംബന്ധിച്ച് റൈറ്റ്സിന്റെ പഠനം നടന്നത് 2006-2007 കാലഘട്ടത്തിലാണ്. ആ സമയത്ത് റെയിൽവെയിൽ ഉണ്ടായിരുന്നതും, ഭാവിയിൽ ഉണ്ടായേക്കാം എന്ന് പ്രതീക്ഷിച്ചിരുന്നതുമായ "റോളിംഗ് സ്റ്റോക്ക്" ഉൽപ്പന്നങ്ങളുടെ ആവശ്യം കണക്കിലെടുത്തുകൊണ്ടാണ് ഇങ്ങനെ ഒരു കരാറിൽ |

| | | | |
|---|---|---|---|
| | | | ഏർപ്പെട്ടത്. ഈ പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുകയും, റെയിൽവേ ബോർഡ് നിർദ്ദേശപ്രകാരം പദ്ധതി സംബന്ധിച്ച് റൈറ്റ്സ് പുന:പഠനം നടത്തുകയും ചെയ്തു. രണ്ടാമത് പഠന റിപ്പോർട്ട് നവംബർ 2011- ൽ റെയിൽവേ ബോർഡിന് ലഭ്യമായി. ഈ റിപ്പോർട്ട് പ്രകാരം, റെയിൽവേയുടെ ഇപ്പോഴുള്ള ആവശ്യം തികച്ചും വ്യത്യസ്ഥമാണെന്നും മേൽപ്പറഞ്ഞ ഷെയർ ഹോൾഡേഴ്സ് എഗ്രിമെന്റിൽ പറയുന്ന ഉൽപന്നങ്ങൾ ഇപ്പോൾ റെയിൽവേയുടെ ഉൽപാദന പ്രക്രിയയ്ക്ക് ആവശ്യം വരില്ലെന്നും കണ്ടെത്തി. 'ഫാബ്രിക്കേറ്റ് ചെയ്ത ബോഗി' കളുടെ സ്ഥാനത്ത് ഇനിയും ഭാവിയിൽ റെയിൽവേയ്ക്ക് വേണ്ടിവരുന്നത് സ്റ്റീലിൽ വാർത്തെടുത്ത 'കാസ്നബ് ബോഗി' കളായിരിക്കും എന്നും പഠന റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. ഈ റിപ്പോർട്ടിൽതന്നെ റൈറ്റ്സ് സുപ്രധാനമായ മറ്റൊരു കാര്യം കൂടി പരാമർശിച്ചു. ഈ പദ്ധതി സാമ്പത്തികമായി ജീവനക്ഷമമല്ലാത്തതിനാൽ ഒരു സംയുക്തസംരംഭമായി യാതൊരു കാരണവശാലും നടപ്പാക്കുവാൻ കഴിയുകയില്ല എന്നും, പകരം ' അഷ്വേഡ് ബിസ്സിനസ്' എന്ന നൂതന ബിസിനസ്സ് മാതൃക ആകാം എന്നും പറഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | റെയിൽവേയും കേന്ദ്രവും കാണിക്കുന്ന ഇത്തരം സമീപനത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ; | (സി) | (എ) പിരിവിന്റെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല. |
| (ഡി) | കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സംയുക്താഭിമുഖ്യത്തിൽ പൊതുമേഖലയിൽ ഈ സ്ഥാപനം തുടങ്ങാൻ സാധ്യമല്ല എന്ന് റെയിൽവേ ബോർഡ് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; | (ഡി) | റെയിൽവേ ബോർഡ് അംഗീകരിച്ച റൈറ്റ്സിന്റെ റിപ്പോർട്ട് പ്രകാരം സംയുക്ത സംരംഭം പദ്ധതിക്ക് പകരം " അഷ്വേഡ് ബിസ്സിനസ്" എന്ന നൂതന ബിസിനസ്സ് മാതൃകയാണ് ഇപ്പോൾ മുന്നോട്ട് വച്ചിട്ടുള്ളത്. |
| (ഇ) | ഇക്കാര്യത്തിൽ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിനുള്ള ഭാവിപരിപാടികൾ ആലോചിക്കാൻ ഒരു സർവ്വകക്ഷി യോഗം വിളിച്ചുചേർക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ആലപ്പുഴ വാഗൺ ഫാക്ടറിക്ക് ആവശ്യമായ സ്ഥലം നല്കുന്നതിനെ സംബന്ധിച്ച് ബഹു. മുഖ്യമന്ത്രി ബന്ധപ്പെട്ടവരുമായി 11.6.2012 ന് ഒരു യോഗം വിളിച്ചുകൂട്ടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ